ഉത്തരം

(എ) ഉണ്ട്.

(ബി) 240 ദിവസം പൂർത്തിയാകാത്ത താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

പെരുമ്പാവൂർ (കാക്കനാട് വഴി) ശാലേം ബസ്സ് സർവ്വീസ്

1054 [1562] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ (കാക്കനാട് വഴി) ശാലേം റൂട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ബസ്സ് നിർത്തൽ ചെയ്തതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് ;

(സി) ഈ സർവ്വീസ് എത്രയും വേഗം പുനഃസ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർവ്വീസ് നിറുത്തിയിട്ടില്ല.

(ബി), (സി) ചോദ്യമുദിക്കുന്നില്ല.

Munnar-Trivandrum Direct Bus Service

1055 [1563] **Shri G. Varadhan :** Will the Minister for Transport be pleased to state :

(a) How many buses are running directly from Munnar to Trivandrum daily ;

(b) of them, how many are Fast Passenger Services and how many are Express bus services respectively ;

(c) considering the welfare of the increasing passengers, will the Government come forward to operate more bus services in the above route ?

Answer

(a) 2 Services

(b) Both of them are Fast Passenger Services.

(c) More Services will be operated in the above route according to necessity and the availability of resources.

കിഴക്കേക്കോട്ട-തുമ്പ റൂട്ടിൽ ബസ്സ്

1056 [1564] ശ്രീ. എൻ. ശക്തൻനാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി സർവ്വീസിൽപ്പെട്ട എത്ര ബസ്സുകൾ കിഴക്കേക്കോട്ട തുമ്പ റൂട്ടിൽ ദിവസവും സർവ്വീസ് നടത്തുന്നു ;

LIBRARY ARCHIVES Kerala Legislative Assembly